**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2068** **14-10-2024 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ഗൺമാൻ മർദ്ദിച്ച കേസിലെ ക്രൈംബ്രാഞ്ച് റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സിനെതിരെ പ്രതിഷേധിച്ച കെ.എസ്.യു., യൂത്ത് കോൺഗ്രസ് നേതാക്കളെ ആലപ്പുഴയിൽ വച്ച് മുഖ്യമന്ത്രിയുടെ ഗൺമാൻ മർദ്ദിച്ചത് സംബന്ധിച്ച കേസ് തെളിവില്ലെന്ന് ചൂണ്ടിക്കാട്ടി ക്രൈംബ്രാഞ്ച് റിപ്പോർട്ട് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) | Z Plus കാറ്റഗറി സുരക്ഷാ കവചമുള്ള ബഹു. കേരള മുഖ്യമന്ത്രി സഞ്ചരിച്ചിരുന്ന വാഹനത്തിനടുത്തേക്ക് മുദ്രാവാക്യം വിളിച്ചുകൊണ്ട് പാഞ്ഞടുത്തവരെ തടയുകയെന്ന ഔദ്യോഗിക കൃത്യനിർവ്വഹണം മാത്രമാണ് ബഹു. മുഖ്യമന്ത്രിയുടെ സുരക്ഷാ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥർ നിർവ്വഹിച്ചതെന്നും., ബഹു. കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള അന്യായത്തിലെ ആരോപണങ്ങൾ വാസ്തവ വിരുദ്ധവും, യാഥാർത്ഥ്യങ്ങളെ മറച്ചുവെയ്ക്കുന്നതാണെന്നും, കേസിൽ അന്വേഷണം നടത്തി വെളിവായ കാര്യങ്ങളുടെയും, തെളിവകളുടെയും അടിസ്ഥാനത്തിൽ ആലപ്പുഴ സി-ബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ബഹു.കോടതി മുമ്പാകെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | മുഖ്യമന്ത്രിയുടെ ഗൺമാൻ കെ.എസ്.യു., യൂത്ത് കോൺഗ്രസ് നേതാക്കളെ മർദ്ദിക്കുന്ന ദൃശ്യങ്ങൾ മാധ്യമങ്ങളിലൂടെ പ്രചരിച്ചിട്ടും അത് കണ്ടെത്തുവാൻ കഴിഞ്ഞില്ല എന്ന് ക്രൈംബ്രാഞ്ച് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | Z Plus കാറ്റഗറി സുരക്ഷാ കവചമുള്ള ബഹു. കേരള മുഖ്യമന്ത്രി സഞ്ചരിച്ചിരുന്ന വാഹനത്തിനടുത്തേക്ക് മുദ്രാവാക്യം വിളിച്ചുകൊണ്ട് പാഞ്ഞടുത്തവരെ തടയുകയെന്ന ഔദ്യോഗിക കൃത്യനിർവ്വഹണം മാത്രമാണ് ബഹു. മുഖ്യമന്ത്രിയുടെ സുരക്ഷാ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥർ നിർവ്വഹിച്ചതെന്നും., ബഹു. കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള അന്യായത്തിലെ ആരോപണങ്ങൾ വാസ്തവ വിരുദ്ധവും, യാഥാർത്ഥ്യങ്ങളെ മറച്ചുവെയ്ക്കുന്നതാണെന്നും, കേസിൽ അന്വേഷണം നടത്തി വെളിവായ കാര്യങ്ങളുടെയും, തെളിവകളുടെയും അടിസ്ഥാനത്തിൽ ആലപ്പുഴ സി-ബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ബഹു.കോടതി മുമ്പാകെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | മുഖ്യമന്ത്രിയുടെ ഗൺമാനെ സംരക്ഷിക്കുന്നതിനായി ഗുരുതരമായ കൃത്യവിലോപം നടത്തിയ | (സി) | കൃത്യവിലോപം നടത്തിയതായി കണ്ടെത്തിയിട്ടില്ല |

| | | | |
|---|---|---|---|
| | ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; | | |
| (ഡി) | പരാതിക്കാരും യൂത്ത് കോൺഗ്രസ് പ്രസിഡന്റും ഉൾപ്പെടെ ഹാജരാക്കിയിട്ടുള്ള ദൃശ്യങ്ങൾ തെളിവായി സ്വീകരിച്ചുകൊണ്ട് ഇക്കാര്യത്തിൽ പുനരന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | കേസിൽ അന്വേഷണം നടത്തി ആലപ്പുഴ സി-ബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ബഹു.ആലപ്പുഴ JFMC-1 കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ള അന്തിമ റിപ്പോർട്ട് ബഹു. കോടതിയുടെ പരിഗണനയിലാണ് |

സെക്ഷൻ ഓഫീസർ